കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന സംവരണം 3 % ൽ നിന്നും 4 % ആയി ഉയർത്തിക്കൊണ്ടും - PSC മുഖേനയുള്ള മത്സര പരീക്ഷകളിൽ സംവരണം നിലവിൽ വരുന്നതിനു മുൻപ് അംഗപരിമിത ഉദ്യോഗാർത്ഥികൾക്ക് ഏർപ്പെടുത്തിയിരുന്ന ഗ്രേസ് മാർക്ക് സിസ്റ്റം നിർത്തലാക്കിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം. 12/2019/സാ.നീ.വ തീയതി തിരുവനന്തപുരം,31.10.2019

---

പരാമർശം:- 1 സ.ഉ.(പി) നം 158/73/പി.ഡി.തീയതി 29/05/1973

2 സ.ഉ.(പി) നം 30/78/ജിഎഡി തീയതി 16/01/1978

3. സ.ഉ.(പി)നം. 20/98/ഉ.ഭ.പ.വ തീയതി 14.07.1998

4. സ.ഉ.(പി)നം .46/2008/സാ.ക്ഷേ.വ തീയതി 19.7.2008

5. സ.ഉ.(പി) നം 08/2017/സാനീവ തീയതി 06.05.2017

6. സ.ഉ.(പി) നം 08/2018/സാനീവ തീയതി 19.06.2018

7. കേരള പബ്ളിക് സർവ്വീസ് കമ്മിഷന്റെ 30/10/2019 ലെ A VIII (1) 4068/03/GW/D1 നമ്പർ കത്ത്.

## ഉത്തരവ്

1995 - ലെ The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act സെക്ഷൻ 33 പ്രകാരം, ഭിന്നശേഷിക്കാർക്ക് ടി ആക്റ്റിലെ സെക്ഷൻ 2 പ്രകാരം നിർവചിച്ചിരിക്കുന്ന സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ നിയമനങ്ങളിൽ 3% സംവരണം വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത നിയമ പ്രകാരം താഴെപ്പറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ 1% വീതം സംവരണം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു :-

(i) Blindness or low vision
(ii) Hearing impairment
(iii) Locomotor disability or cerebral palsy

2. ആയത് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് സംസ്ഥാന സർവ്വീസിലെ ക്ലാസ്സ് 3, 4 തസ്തികകളിൽ അംഗപരിമിതർക്ക് സംവരണം ഉറപ്പാക്കിയും അനുയോജ്യമായ തസ്തികകൾ കണ്ടെത്തിയും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 4 പ്രകാരം അംഗപരിമിത നിയമനങ്ങളിലെ ഊഴം 100 പോയിന്റ് നിയമന റോസ്റ്ററിൽ 33, 66, 99 എന്നീ സ്ഥാനങ്ങളായി നിജപ്പെടുത്തിയിരുന്നു. പരാമർശം 5 പ്രകാരം അംഗപരിമിതർക്ക് പി. എസ്. സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 100 പോയിന്റ് നിയമന റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട്. ഓഫ് ടേണുകളാക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു .

3. എന്നാൽ, The Rights of Persons with Disabilities Act 2016, 19.4.2017-ന നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ സംവരണം കുറഞ്ഞത് 4% ആയി ഉയർത്തേണ്ടതും ആയത് താഴെ പറയുന്ന അംഗപരിമിത വിഭാഗൾക്കായി. അനുവദിക്കേണ്ടതുമാണ്.

(a) Blindness and low vision
(b) Deaf and hard of hearing
(c) Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims & muscular distrophy.

എന്നീ മൂന്ന വിഭാഗങ്ങൾക്കു പുറമേ

(d) autism, intellectual disability, specific learning disability and mental illness:
(e) multiple disabilities from amongst persons under clauses (a) to (d) including deaf, blindness in the posts identified for each disabilities:

എന്നീ രണ്ടു വിഭാഗങ്ങൾക്കു കൂടി ആകെ ഒരു ശതമാനം സംവരണം അധികമായി അനുവദിക്കുവാനും വ്യവസ്ഥ ചെയ്യുന്നു .

4. സർക്കാർ ഇക്കാര്യം പി.എസ്.സി യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു. സർക്കാർ തീരുമാനം ഭേദഗതികളോടെ പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) RPwD ആക്റ്റ് 2016 ൽ പരാമർശിക്കുന്ന സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ നിയമനങ്ങളിൽ അംഗപരിമിത സംവരണം 3% ത്തിൽ നിന്ന് 4 % ആയി ഉയർത്തിയും ആയത് 100 പോയിന്റ് നിയമന റോസ്റ്ററിലെ 1, 26, 51, 76 എന്ന ടേണുകളിൽ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ii) പി.എസ്.സി മുഖേനയുള്ള തിരഞ്ഞെടുപ്പുകളിൽ പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗപരിമിത ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക സംവരണം നിലവിൽ വരുന്നതിന് മുൻപ് അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് സിസ്റ്റം ഇതിനാൽ നിറുത്തലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

iii) 1995 - ലെ The Persons with Disabilities (Equal Opportunities, Protection of Rights and Full Participation ) ആക്റ്റിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിലെല്ലാം 3 % സംവരണം തുടരുന്നതും ഇവയിൽ ഏതെല്ലാം തസ്തികകളിൽ RPwD ആക്റ്റ് 2016 ൽ അധികമായി പ്രതിപാദിക്കുന്ന മറ്റു അംഗപരിമിത വിഭാഗങ്ങൾക്ക് (category c, d and e) അനുയോജ്യമാണെന്നും കൂടാതെ അംഗപരിമിത സംവരണം 4 % ആയി ഉയർത്തുമ്പോൾ നിലവിലുള്ള 3% സംവരണത്തിനായി കണ്ടെത്തിയിരിക്കുന്ന തസ്തികകൾക്കു പുറമെ അധികമായ 1 % ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം അംഗപരിമിത വിഭാഗങ്ങൾക്ക് അനുവദിക്കാമെന്നുമുള്ള വിഷയങ്ങൾ ടി ആക്റ്റിലെ സെക്ഷൻ 33 പ്രകാരം രൂപീകരിച്ചിട്ടുള്ള എക്സ്പർട്ട് കമ്മിറ്റി പരിഗണിക്കുന്നതും ഇതു സംബന്ധിച്ച ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബിജു പ്രഭാകർ**
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
അക്കൌണ്ടന്റ് ജനറൽ ( എ & ഇ /ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jasmin Thomas
സെക്ഷൻ ഓഫീസർ